"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ - ജീവനക്കാര്യം - കള്ളിക്കാട് സെന്റ് അന്നാസ് എൽ.പി. സ്കൂളിലെ എൽ.പി.എസ്.റ്റി. ശ്രീമതി സിൻസി കെ. ഫ്രാൻസിസ് ന്റെ നിയമനാംഗീകാരം സംബന്ധിച്ച് ലാറ്റിൻ കത്തോലിക് സ്കൂൾസ് കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.335/2026/GEDN തീയതി,തിരുവനന്തപുരം, 13-01-2026

---

പരാമർശം:-
1. ലാറ്റിൻ കത്തോലിക് സ്കൂൾസ് കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച 28/07/2025-ലെ റിവിഷൻ ഹർജി.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26/09/2025-ലെ എഫ്1/16768/2025/ഡിജിഇ നമ്പർ കത്ത്.
3. തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 02/10/2025-ലെ ഡിഡിഇ/3758/2025-ബി5 നമ്പർ കത്ത്.

**ഉത്തരവ്**

കള്ളിക്കാട് സെന്റ് അന്നാസ് എൽ.പി. സ്കൂളിലെ എൽ.പി.എസ്.റ്റി. ശ്രീമതി സിൻസി കെ. ഫ്രാൻസിസ് ന്റെ നിയമനാംഗീകാരം സംബന്ധിച്ച് ലാറ്റിൻ കത്തോലിക് സ്കൂൾസ് കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജിയിന്മേൽ 03/10/2025 തീയതിയിൽ വാദം കേട്ടു.

**2. ഹർജിക്കാരന്റെ വാദം ചുവടെ പറയും പ്രകാരമാണ്.**

കള്ളിക്കാട് സെന്റ് അന്നാസ് എൽ.പി. സ്കൂളിലെ എൽ.പി.എസ്.റ്റി ആയിരുന്ന ശ്രീമതി വെറോണിക്ക സ്ഥലം മാറിപ്പോയ ഒഴിവിൽ ശ്രീമതി സിൻസി കെ. ഫ്രാൻസിസിനെ 01/06/2023 മുതൽ എൽ.പി.എസ്.റ്റി. ആയി നിയമിക്കുകയും നിയമന ഉത്തരവും അനുബന്ധ രേഖകളും നിയമന അംഗീകാരത്തിനായി കാട്ടാക്കട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കു സമർപ്പിച്ചിരുന്നു. എന്നാൽ വ്യവസ്ഥാപിത ഒഴിവിൽ ഭിന്നശേഷിക്കാർക്ക് നിയമനം നൽകാതെ ശ്രീമതി സിൻസി കെ. ഫ്രാൻസിസിനെ നിയമിക്കുകയും അധിക തസ്തികയിൽ 1:1 പാലിക്കാതെ ഭിന്നശേഷികാർക്ക് നിയമനം നല്കുകയും ചെയ്തു എന്ന കാരണം കാണിച്ച്, നിയമനം അംഗീകരിക്കാതെ 27/03/2024 ലെ ഡി/53772/2023-ാം നമ്പർ ഉത്തരവ് പ്രകാരം കാട്ടാക്കട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. നിരസിച്ച ഉത്തരവിനെതിരെ നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകിയ അപ്പീലും, കാട്ടാക്കട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉന്നയിച്ച തടസ്സവാദം ശരിവെച്ച് 03/09/2024-ലെ ബി6/718174/2024-ാം നമ്പർ ഉത്തരവ് പ്രകാരം നിരസിച്ച് തിരിച്ചയച്ചു. നിരസിച്ച ഉത്തരവിനെതിരെ, പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച റിവിഷൻ അപ്പീലും, കാട്ടാക്കട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, നെയ്യാറ്റിൻകര

ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവർ ഉന്നയിച്ച തടസ്സവാദം ശരിവച്ച് 03/07/2025 എഫ്1/789491/2024/ഡിജിഇ നമ്പർ ഉത്തരവ് പ്രകാരം നിരസിച്ച് തിരിച്ചയച്ചു.

ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ശ്രീ.ആർ.പ്രഭുൽ പ്രസാദിനെ 11/09/2023 മുതലും ശ്രീമതി അബില എസ്.നെ 01/01/2024 മുതലും കീഴാറൂർ ആർ.സി.എൽ.പി. സ്കൂളിൽ 2022-23 ൽ അനുവദിച്ച അധിക തസ്തികയിലാണ് എൽ.പി.എസ്.ടി ആയി നിയമനം നല്കിയിട്ടുള്ളത്. അധിക തസ്തികയിലെ നിയമനങ്ങൾ, ആയിരുന്നതിനാൽ ശ്രീ. ആർ.പ്രഭുൽ പ്രസാദിനെയും ശ്രീമതി അബില എസ്.നെയും 26/06/2024 മുതൽ കീഴാറൂർ ആർ.സി.എൽ.പി. സ്കൂളിൽ ഉണ്ടായ സ്ഥലമാറ്റ ഒഴിവിൽ മാറ്റി നിയമിക്കുകയും പ്രസ്തുത നിയമനങ്ങൾ, കാട്ടാക്കട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 18/03/2025-ലെ ഡി/757220/2024-ാം നമ്പർ ഉത്തരവ്, 18/03/2025-ലെ ഡി/757223/2024-ാം നമ്പർ ഉത്തരവുകൾ പ്രകാരം അംഗീകരിക്കുകയും നാളിതുവരെ ശമ്പളം വാങ്ങിവരുകയും ചെയ്തുവരുന്നു.

ശ്രീമതി സിൻസി കെ. ഫ്രാൻസിസിനെ എൽ.പി.എസ്.റ്റി ആയി 01/06/2023 മുതൽ കള്ളിക്കാട് സെന്റ് അന്നാസ് എൽ.പി. സ്കൂളിൽ നിയമിച്ചു എങ്കിലും നിയമനാംഗീകാരത്തിനു തടസ്സവാദം നിലനില്ക്കുന്നതിനാൽ 01/06/2023 മുതൽ 25/06/2024 വരെയുള്ള നിയമനം ഉപേക്ഷിക്കുന്നതായും ശ്രീ.ആർ.പ്രഭുൽ പ്രസാദ്, ശ്രീമതി അബിന എസ്. എന്നീ ഭിന്നശേഷി നിയമനാർത്ഥികൾക്ക് നിയമനം അംഗീകരിച്ച തീയതിയായ 26/06/2024 മുതൽ നിയമനം അംഗീകരിച്ചാൽ മതിയെന്ന് സമ്മതപത്രം 28/07/2025 ൽ സമർപ്പിച്ചിട്ടുണ്ട്.

മുകളിൽ സൂചിപ്പിച്ച മറുപടികൾ അംഗീകരിക്കണമെന്നും, ശ്രീമതി സിൻസി കെ. ഫ്രാൻസിസിന്റെ കള്ളിക്കാട് സെന്റ് അന്നാസ് എൽ.പി. സ്കൂളിലെ 26/06/2024 മുതലുള്ള എൽ.പി.എസ്.റ്റി നിയമനം അംഗീകരിക്കുന്നതിനുള്ള ഉത്തരവ് കാട്ടാക്കട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നല്കണമെന്നും ഹർജിക്കാരൻ അഭ്യർത്ഥിച്ചിരിക്കുന്നു. അപ്പീൽ ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് പുതുക്കിയ നിയമന ഉത്തരവും അനുബന്ധരേഖകളും ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കുന്നതാണ് എന്നും അറിയിച്ചിരിക്കുന്നു.

**3. പൊതു വിദ്യാഭ്യാസഓഫിസർമാരുടെ വാദം താഴെപ്പറയും പ്രകാരമാണ്.**

ലാറ്റിൻ കത്തോലിക് കോർപ്പറേറ്റ് മാനേജർ ശ്രീമതി സിൻസി കെ. ഫ്രാൻസിസ് നെ കള്ളിക്കാട് സെന്റ് അന്നാസ് എൽ.പി. സ്കൂളിൽ 01/06/2023 മുതൽ ശ്രീമതി വെറോണിക്ക, എൽ.പി.എസ്.ടി. ക്ക് ചാങ്ങ സെന്റ് മേരീസ് എൽ.പി.എസ്.ലേക്ക് സ്ഥലം മാറ്റം ലഭിച്ച ഒഴിവിൽ പ്രൊബേഷനറി എൽ.പി.എസ്.ടി. ആയി നിയമിച്ചു. ടി മാനേജ്മെന്റിന് കീഴിലുള്ള വ്യവസ്ഥാപിത ഒഴിവിൽ ഭിന്നശേഷിക്കാർക്ക് നിയമനം നൽകാതെ ശ്രീമതി സിൻസി കെ. ഫ്രാൻസിസ് നെ നിയമിക്കുകയും അധിക തസ്തികയിൽ 1:1 പാലിക്കാതെ, ഭിന്നശേഷിക്കാർക്ക് അധിക തസ്തികയിൽ നിയമനം നൽകുകയും ചെയ്തതിനാൽ മാനേജരോട് വിശദീകരണം ആരായുകയും, എന്നാൽ മേൽ വിഷയത്തിൽ യാതൊരു മറുപടിയും ലഭ്യമാക്കാത്തതിനാൽ ക്രമപ്രകാരമല്ലാതെ നടന്ന ശ്രീമതി സിൻസി കെ. ഫ്രാൻസിസ് ന്റെ നിയമനം കാട്ടാക്കട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും നിരസിച്ചു നൽകി.

ടി നിയമന നിരസനത്തിനെതിരെ മാനേജർ ഈ ഓഫീസിൽ സമർപ്പിച്ച റിവിഷൻ അപ്പീൽ

നിലവിലെ ഉത്തരവുകളുടെയും ലഭ്യമായ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കള്ളിക്കാട് സെന്റ് അന്നാസ് എൽ.പി. സ്കൂളിലെ സ്ഥലംമാറ്റ ഒഴിവിലാണ് ശ്രീമതി സിൻസി കെ. ഫ്രാൻസിസിനെ 01/06/2023 മുതൽ നിയമിച്ചത്. ടി മാനേജ്മെന്റിൽ വ്യവസ്ഥാപിത തസ്തിക നിലനിൽക്കെയാണ് 1:1 പ്രകാരം പ്രൊട്ടക്റ്റ് അധ്യാപകരെ കെ.ഇ.ആർ. അദ്ധ്യായം XXI 7(1) പ്രകാരം നിയമിക്കേണ്ട 2022-23 ലെ അധിക തസ്തികയിൽ ഭിന്നശേഷിക്കാരയ ശ്രീ.ആർ.പ്രബുൽ പ്രസാദിനെ 11/09/2023 മുതലും, ശ്രീമതി അബില എസ്.നെ 01/01/2024 മുതലും നിയമിച്ചത്. വ്യവസ്ഥാപിത ഒഴിവിൽ ഭിന്നശേഷിക്കാർക്ക് നിയമനം നൽകാതെ ശ്രീമതി സിൻസി കെ. ഫ്രാൻസിസ് നെ നിയമിക്കുകയും ചെയ്തു. ടി നിയമനം ക്രമപ്രകാരമല്ലായെന്ന് കാണുന്നതിനാൽ മാനേജരുടെ റിവിഷൻ അപ്പീൽ നിരസിച്ചു നൽകുകയുണ്ടായി.

ലാറ്റിൻ കത്തോലിക് മാനേജ്മെന്റിന് കീഴിലെ കീഴാറൂർ ആർ.സി.എൽ.പി.എസ്. ൽ 2022-23 ൽ 2 അധിക തസ്തികകൾ ഉണ്ടായിരുന്നു. 2022-23-ലെ അധിക തസ്തികയിൽ 12/07/2022 മുതൽ ശ്രീമതി ഷീജ ആർ., ശ്രീമതി റീന പി.കെ. എന്നീ അധ്യാപകരെ നിയമിച്ചിരുന്നു. എന്നാൽ പ്രസ്തുത നിയമനം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്ന് നിരസിച്ചിരുന്നു. പ്രസ്തുത നിയമന ഫയലുകൾ പിൻവലിക്കുകയോ റദ്ദ് ചെയ്യുകയോ ചെയ്യാതെ ആണ് 2022-23 ലെ അധിക തസ്തികയിൽ 01/06/2023 മുതൽ ഭിന്നശേഷി വിഭാഗത്തിലുള്ള ശ്രീ. ആർ.പ്രബുൽ പ്രസാദിനെയും 01/01/2024 മുതൽ അതേ വിഭാഗത്തിലുള്ള ശ്രീമതി അബില എസ്. നെയും നിയമിച്ചത്. എന്നാൽ മാനേജ്മെന്റിന് കീഴിലെ കള്ളിക്കാട് സെന്റ് അന്നാസ് എൽ.പി.എസ്.ൽ 2 വ്യവസ്ഥാപിത തസ്തികകളിൽ മറ്റ് രണ്ട് ഉദ്യോഗാർത്ഥികളെയാണ് നിയമിച്ചത്. വ്യവസ്ഥാപിത തസ്തികയിൽ ഭിന്നശേഷിക്കാരെ നിയമിക്കാതെ പ്രസ്തുത തസ്തികയിൽ ശ്രീമതി അൻസലീന സുമി, ശ്രീമതി സിൻസി കെ. ഫ്രാൻസിസ് എന്നിവരെ ആണ് നിയമിച്ചത്.

ശ്രീമതി അബില എസ്., ശ്രീ. ആർ.പ്രബുൽ പ്രസാദ് എന്നിവർക്ക് 26/06/2024 മുതൽ വ്യവസ്ഥാപിത ഒഴിവിൽ റീ-അപ്പോയിൻമെന്റ് നൽകി. പ്രസ്തുത നിയമനത്തിന് നിയമനാംഗീകാരവും ലഭിച്ചിട്ടുണ്ട്. 07/08/2025 ന് മാനേജ്മെന്റ് സമർപ്പിച്ച കത്തിൻ പ്രകാരം ശ്രീമതി സിൻസി കെ. ഫ്രാൻസിസ് 01/06/2023 മുതൽ 25/06/2024 വരെയുള്ള തന്റെ നിയമന കാലയളവ് തനിക്ക് വേണ്ട എന്ന് സത്യവാങ്മൂലം നൽകിയതായി അറിയിച്ചിരിക്കുന്നു. പ്രസ്തുത നിയമന പ്രൊപ്പോസൽ മാനേജർ പിൻവലിച്ചു പുതിയ നിയമന പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് തസ്തിക ഉണ്ടെന്നും ഉറപ്പു വരുത്തി 26/06/2024 മുതലുള്ള ശ്രീമതി സിൻസി കെ. ഫ്രാൻസിസ് ന്റെ നിയമനം മറ്റെല്ലാവിധത്തിലും യോഗ്യമെങ്കിൽ പരിഗണിക്കാവുന്നതാണ് പൊതുവിദ്യാഭ്യാസ ഓഫീസർമാർ എന്ന് അറിയിച്ചിട്ടുണ്ട് .

4. സർക്കാർ ഈ വിഷയം ലഭ്യമായ റിപ്പോർട്ടുകളുടെയും നിലവിലെ ചട്ടങ്ങളുടെയും ഹിയറിംഗിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ലാറ്റിൻ കത്തോലിക് കോർപ്പറേറ്റ് മാനേജർ ശ്രീമതി സിൻസി കെ. ഫ്രാൻസിസിനെ കള്ളിക്കാട് സെന്റ് അന്നാസ് എൽ.പി. സ്കൂളിൽ 01/06/2023 മുതൽ സ്ഥലംമാറ്റ ഒഴിവിൽ എൽ.പി.എസ്.ടി ആയി നിയമിച്ചു. കള്ളിക്കാട് സെന്റ് അന്നാസ് എൽ.പി. സ്കൂളിലെ സ്ഥലംമാറ്റ ഒഴിവിലാണ് ശ്രീമതി സിൻസി കെ. ഫ്രാൻസിസിനെ 01/06/2023 മുതൽ നിയമിച്ചത്. ടി മാനേജ്മെന്റിൽ വ്യവസ്ഥാപിത തസ്തിക നിലനിൽക്കെ ആണ് 1:1 പ്രകാരം പ്രൊട്ടക്റ്റഡ് അധ്യാപകരെ കെ.ഇ.ആർ അധ്യായം XXI 7(1) പ്രകാരം 2022-23 വർഷത്തെ അധിക തസ്തികയിൽ ഭിന്നശേഷിക്കാരായ ശ്രീ. പ്രബുൽ

ആർ.പ്രസാദ്, ശ്രീമതി അബില എസ്. എന്നിവരെ നിയമിച്ചത്. വ്യവസ്ഥാപിത ഒഴിവിൽ ഭിന്നശേഷിക്കാർക്ക് നിയമനം നൽകാതെ ശ്രീമതി സിൻസി കെ. ഫ്രാൻസിസിനെ നിയമിച്ചതിനാൽ ആണ് ടി നിയമനം ക്രമപ്രകാരം അല്ല എന്ന് കണ്ടെത്തി നിരസിക്കപ്പെട്ടത്.

5. നിലവിൽ ശ്രീമതി അബില എസ്., ശ്രീ. ആർ.പ്രഭുൽ പ്രസാദ് എന്നിവർക്ക് 26/06/2024 മുതൽ വ്യവസ്ഥാപിത ഒഴിവിൽ അപ്പോയിൻമെന്റ് നൽകിയിട്ടുണ്ട് എന്നതിനാൽ മുൻപുണ്ടായിരുന്ന തടസ്സവാദം ഇപ്പോൾ നിലനിൽക്കുന്നില്ല. ശ്രീമതി സിൻസി കെ. ഫ്രാൻസിസ് ഇയാളെ ആദ്യം നിയമിച്ച 01/06/2023 മുതൽ 25/06/2024 വരെയുള്ള തന്റെ നിയമന കാലയളവ് തനിക്ക് വേണ്ട എന്ന് സത്യവാങ്മൂലം നൽകിയിട്ടുണ്ട്.

6. മേൽ സാഹചര്യത്തിൽ അധിക തസ്തികയിൽ നിയമിച്ചിരുന്ന ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ശ്രീ.പ്രഭുൽ പ്രസാദിനെയും, ശ്രീമതി അബില എസ്. നേയും 26/06/2024 മുതൽ കീഴാറൂർ ആർ.സി. എൽ.പി. സ്കൂളിൽ ഉണ്ടായ സ്ഥലമാറ്റ ഒഴിവിലേക്ക് മാനേജർ മാറ്റി നിയമിക്കുകയും, ടി നിയമനങ്ങൾ അംഗീകരിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ, നേരത്തേ സമർപ്പിച്ചിരുന്ന നിയമന പ്രൊപ്പോസൽ പിൻവലിച്ച് പുതിയ പ്രൊപ്പോസൽ മാനേജർ സമർപ്പിക്കുന്ന മുറയ്ക്ക്, നിലനിൽക്കാൻ തസ്തിക ലഭ്യമാണെന്ന് ഉറപ്പ് വരുത്തി, ശ്രീമതി സിൻസി കെ. ഫ്രാൻസിസ് -ന്റെ നിയമനം 26/06/2024 മുതൽ, മറ്റ് വിധത്തിലും ക്രമപ്രകാരമെങ്കിൽ, ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട നിലവിലെ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി അംഗീകരിച്ച് നൽകുന്നതിന് കാട്ടാക്കട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

7. മേൽ പ്രകാരം കള്ളിക്കാട് സെന്റ് അന്നാസ് എൽ.പി. സ്കൂളിലെ എൽ.പി.എസ്.റ്റി. ശ്രീമതി സിൻസി കെ. ഫ്രാൻസിസ് ന്റെ നിയമനാംഗീകാരം സംബന്ധിച്ച് ലാറ്റിൻ കത്തോലിക് സ്കൂൾസ് കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

കോർപ്പറേറ്റ് മാനേജർ, ലാറ്റിൻ കത്തോലിക് സ്കൂൾസ്, നെയ്യാറ്റിൻകര രൂപത.
പ്രധാനാദ്ധ്യാപകൻ, സെന്റ് അന്നാസ് എൽ.പി. സ്കൂൾ, കള്ളിക്കാട്.
ശ്രീമതി സിൻസി കെ. ഫ്രാൻസിസ്, എൽ.പ്.എസ്.റ്റി., സെന്റ് അന്നാസ് എൽ.പി. സ്കൂൾ, കള്ളിക്കാട്.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ,നെയ്യാറ്റിൻകര.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കാട്ടാക്കട.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ1/148/2025/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Abeeja Raj B
Date: 14-01-2026 10:51:29

സെക്ഷൻ ഓഫീസർ